# പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.319 — 24.02.2016 ന് മറുപടിയ്ക്ക്

## പ്രോജക്ട് സാറ്റർഡേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എ.റ്റി.ജോർജ്ജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിൽ പ്രോജക്ട് സാറ്റർഡേ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'സാറ്റർഡേ പ്രോഗ്രാം' എന്ന പേരിൽ ഒരു പ്രത്യേക പരിപാടി വനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) ആഫീസ് നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി ഫയലുകളിൽ തീരുമാനം എടുത്ത് എല്ലാ ആഴ്ചയിലേയും അവസാന പ്രവർത്തി ദിവസത്തിൽ (ശനിയാഴ്ച) പരമാവധി ഫയലുകൾ തീർപ്പു കൽപ്പിക്കുക, ജീവനക്കാർക്ക് നല്ല അന്തരീക്ഷത്തിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള അവസരം നൽകുക, ആഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുക എന്നിവയായിരുന്നു സാറ്റർഡേ പ്രോഗ്രാമിന്റെ മുഖ്യ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) 'സാറ്റർഡേ പ്രോഗ്രാം' നടപ്പിലാക്കുന്നുവെന്നു ഉറപ്പു വരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുകയും ആഴ്ച തോറും നടത്തിയ അവലോകന യോഗത്തിൽ അതാത് ആഴ്ചയിലെ പുരോഗതി വിലയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ ഓരോ ജില്ലകളിലേയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പാസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നല്കിയിരുന്നു. അപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഓരോ ജില്ലയിലേയും ഡിവിഷൻ / റെയിഞ്ച് ഓഫീസുകളിലെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടുകൾ വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ